**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1950** **29-09-2025 - ൽ മറുപടിയ്ക്ക്**

**ആംബുലൻസുകളിലെ അപായ സൈറണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആംബുലൻസുകളിൽ നിയമപ്രകാരം എത്ര തരം അപായ സൈറണുകളാണ് സ്ഥാപിക്കേണ്ടത്; ഇവയുടെ വ്യത്യാസം പൊതുജനങ്ങൾക്കും ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്കും മനസ്സിലാക്കുവാൻ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | AIS 125 ലെ Annexure 1 (v) പ്രകാരമാണ് ആംബുലൻസുകളിൽ അപായ സൈറണുകൾ സ്ഥാപിക്കേണ്ടത്. അതിൻ പ്രകാരം ആംബുലൻസുകളിൽ Wail, Yelp എന്നീ 2 തരം സൈറണുകൾ മിനിട്ടിൽ യഥാക്രമം 10-18, 150-250 ആവൃത്തിയിൽ കേൾക്കുന്നതരത്തിൽ സ്ഥാപിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. സൈറനുകൾ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നതിന് പ്രത്യേക നടപടികളൊന്നും വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. |
| (ബി) | അപകട സാഹചര്യവും രോഗികളും ഇല്ലാത്തപ്പോഴും സൈറൺ മുഴക്കി ആംബുലൻസുകൾ കടന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഉണ്ട്. ഇത്തരം നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നത് ഉൾപ്പെടെ കർശനമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ